**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1962 | 11.02.2020- ൽ മറുപടിക്ക് |
|---|---|

**കുട്ടനാട് നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.എഫ്. തോമസ് : | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ഏറ്റെടുത്തിട്ടുണ്ടോ; | (എ) & (ബി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br><br>ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഹരിപ്പാട് -വീയാപുരം-എടത്വ-പുതുക്കരി-മാമ്പുഴക്കരി-കിടങ്ങറ-കുന്നങ്കരി-കുമാരങ്കരി-വാലാടി-മുളക്കംതുരുത്തി റോഡ് എന്നിവ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു.<br><br>ഇത് കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുത്തിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് റോഡുകളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നും ആകെ 36.052 കി.മീ ദൈർഘ്യം വരുന്ന 32 റോഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് 13/08/2019-ൽ സർക്കാർ ഉത്തരവായിരുന്നു. ഇവയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത ജോലികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ